**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 620 | 29.11.2018-ലെ മറുപടിയ്ക്ക്

**<u>മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാന സ്കൂൾ കായിക മേഖലയിൽ തുടർച്ചയായി മികവ് പുലർത്തുന്ന കോതമംഗലം മണ്ഡലത്തിലെ മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ; | (എ) & (ബി) | നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാതിരപ്പള്ളി സ്കൂളിലെ സംസ്ഥാന സ്പോർട്സ് കൗൺസിലിലെ കായിക താരങ്ങളെ എം.എ കോളേജ് സ്പോർട്സ് ഹോസ്റ്റൽ മാതിരപ്പള്ളി എന്ന പേരിൽ നിന്നും മാറ്റി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി മാതിപ്പള്ളി എന്നാക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത ആവശ്യത്തിനായി സ്കൂൾ പി.റ്റി.എ., എസ്.എം.സി. എന്നിവർ ചേർന്ന് സംസ്ഥാന സ്പോർട്സ് കൗൺസിൽ മുമ്പാകെ സമർപ്പിച്ച നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കാമോ ; | | |
| (സി) | സ്കൂളിലെ ഏതാനും കുട്ടികൾ എം.എ. കോളേജ് സ്പോർട്സ് ഹോസ്റ്റലിൽ പരിശീലനം നടത്തുന്നതിനാൽ ഇക്കഴിഞ്ഞ സംസ്ഥാന സ്കൂൾ കായിക മേളയിൽ പോയിന്റ് ടേബിളിൽ സ്കൂളിന്റെ പേരിന്റെ സ്ഥാനത്ത് എം.എ. കോളേജ് അക്കാദമി മാതിരപ്പിള്ളി എന്ന് | (സി) | ഈ വർഷം പ്രളയം സംഭവിച്ചതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സ്കൂൾ കായികമേള വളരെ ലളിതമായാണ് നടത്തിയത്. ആയതിനാൽ വിജയികളുടെ പോയിന്റ് കണക്കാക്കുകയോ മെഡലുകളോ, ട്രോഫികളോ നൽകിയിട്ടുമില്ല. കേരള സ്കൂൾ സ്പോർട്സ് മാന്വൽ പ്രകാരം സ്പോർട്സ് ഹോസ്റ്റലുകളിൽ താമസിച്ച് സർക്കാരിന്റെ |

| | | | |
|---|---|---|---|
| | വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ; | | ആനുകൂല്യം സ്വീകരിച്ച് പഠിക്കുന്ന കായിക താരങ്ങൾക്ക് ലഭിക്കുന്ന പോയിന്റ്, അതാത് ജില്ലകൾക്ക് ലഭിക്കുന്ന പോയിന്റിനോടൊപ്പമാണ് കണക്കാക്കുന്നത്. |
| (ഡി) | കായിക രംഗത്ത് ഏറ്റവും മികവ് പുലർത്തുന്ന സംസ്ഥാനത്തെ തന്നെ സർക്കാർ സ്കൂളുകളിൽ ഒന്നായ മാതിരപ്പിള്ളി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ഒരു സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | സ്പോർട്സ് ഹോസ്റ്റൽ തുടങ്ങുന്നതിനുള്ള അപേക്ഷയും അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ചുള്ള അനുബന്ധ രേഖകളും ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന സംസ്ഥാന സ്പോർട്സ് കൗൺസിലിന് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**